# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗവ എൽ.പി.സ്ക്കൂൾ പുഞ്ചാവി

ഹോസ്ദുർഗ്ഗ് ഉപജില്ല

Apr 6, 2025, 09:22

# ഗവ എൽ.പി.സ്ക്കൂൾ, പുഞ്ചാവി

## ആമുഖം

അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയം സാക്ഷാത്കരിക്കുന്ന കർമ്മപദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഭൗതികവും അക്കാദമികവുമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇതിലേക്ക് സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന രീതിയിലാണ് പദ്ധതികൾ ഒരുക്കേണ്ടത്.

ഗവൺമെന്റ് എൽ.പി.സ്കൂൾ, പുഞ്ചാവിയെ സംബന്ധിച്ചിടത്തോളം ഭൗതികപരമായി ഏറെ വളർച്ച കൈവരിച്ചിട്ടുണ്ട്. എന്നാൽ അക്കാദമിക തലത്തിൽ രക്ഷിതാക്കളുടെ പൂർണ്ണ സഹകരണം ഇല്ലാത്തത് കാരണം പഠന പിന്നോക്കാവസ്ഥ പൂർണ്ണമായി പരിഹരിക്കാൻ ഇനിയും സാധിച്ചിട്ടില്ല. അതിനായി വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

## നാൾവഴികൾ

1927 ഒക്ടോബർ 31നാണ് പുഞ്ചാവി സ്കൂൾ സ്ഥാപിതമാകുന്നത്. 25 ആൺകുട്ടികളും 21 പെൺകുട്ടികളുമായി ആകെ 46 കുട്ടികളാണ് ആദ്യ ബാച്ചിൽ ഉണ്ടായിരുന്നത്. തുടർന്നുള്ള വർഷത്തിൽ 15 പേരാണ് സ്കൂളിൽ പ്രവേശനം നേടിയത്.

ശ്രീ പുഞ്ചാവി കോരനും അദ്ദേഹത്തിന്റെ സഹോദരന്മാരായ ശ്രീ കലന്തൻ, ശ്രീ ചാത്തൻ എന്നിവർ സ്വന്തം സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിക്കുകയും മദ്രാസ് ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷന്റെ കീഴ്ഘടകമായി പ്രവർത്തിച്ച ഡിസ്ട്രിക് ബോർഡ് പ്രസിഡന്റിൽ നിന്നും സ്കൂൾ പ്രവർത്തിപ്പിക്കുവാനുള്ള അനുമതി വാങ്ങുകയും ചെയ്തു.

സുരേഷ് കുറുന്തൂർ Apr 6, 2025, 09:22

മദിരാശി സ്റ്റേറ്റിന്റെ ഭാഗമായിരുന്ന സൗത്ത് കന്നട ജില്ലയുടെ ഭാഗമായിരുന്നു ഈ പ്രദേശവും. അതുകൊണ്ടുതന്നെ സൗത്ത് കന്നട ജില്ലയിലെ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റായിരുന്നു സ്കൂളിന്റെ നിയന്ത്രണമുണ്ടായിരുന്നത്. 'ബോർഡ് സ്കൂൾ' എന്ന പേരിൽ സ്കൂളുകൾ അറിയപ്പെടാൻ കാരണവും ഇത് തന്നെ.

ഇ.അബ്ദുല്ല, എം.കുഞ്ഞിരാമ മാരാർ തുടങ്ങിയവരായിരുന്നു ആദ്യകാല അധ്യാപകർ. സ്കൂൾ കെട്ടിട വാടകയായി മൂന്ന് രൂപയാണ് നൽകിയിരുന്നത്. മണിയോർഡറായി നിശ്ചയിക്കപ്പെട്ട വാടക കെട്ടിട ഉടമയ്ക്ക് നൽകിയിരുന്നു.

ഒന്നു മുതൽ അഞ്ചു വരെയുള്ള ലോവർ എലിമെന്ററി സ്കൂളായിരുന്നു പുഞ്ചാവി സ്കൂൾ. അഞ്ച് ക്ലാസ്സുകൾക്കായി ഒന്നോ രണ്ടോ അധ്യാപകർ ആയിരുന്നു തുടക്കത്തിൽ ഉണ്ടായിരുന്നത്. പലപ്പോഴും ഒരു അധ്യാപകൻ മാത്രം അഞ്ചു ക്ലാസ്സുകളും പഠിപ്പിക്കേണ്ട കാലഘട്ടവും കഴിഞ്ഞു പോയിട്ടുണ്ട്.

## ഭൗതിക സൗകര്യങ്ങൾ

ചെറിയൊരു ചാപ്പയിലായിരുന്നു പുഞ്ചാവി സ്കൂളിന്റെ തുടക്കം. 1958-ൽ കെട്ടിടം പുതുക്കി പണിയാനായി, കടപ്പുറത്തുള്ള ഒരു ചെറിയ കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റപ്പെട്ടു. ഒന്നര വർഷം കടപ്പുറത്തുള്ള കെട്ടിടത്തിലായിരുന്നു. പുതിയ കെട്ടിടം പണി തീർന്നതോടെ സ്കൂൾ അധ്യയനം അതിലേക്ക് മാറ്റുകയുണ്ടായി.

## സാമൂഹിക പശ്ചാത്തലം

മീൻപിടി, തെങ്ങ് ചെത്ത്, കൃഷിപ്പണി, തെയ്യം കെട്ട് തുടങ്ങിയ ജോലികളിൽ വ്യാപൃതരായി നിത്യവൃത്തി കഴിച്ചവരായിരുന്നു ഇന്നലെകളിൽ ഉണ്ടായിരുന്നത്. വൈദ്യം, കച്ചവടം എന്നിവയിൽ വിരലിലെണ്ണാവുന്നവരും ഏർപ്പെട്ടിരുന്നു. ശ്രീ പുഞ്ചാവി കോരൻ, കുട്ടേക്കാരൻ എന്നിവരെപ്പോലുള്ള നാട്ടുപ്രമാണിമാരുടെ കീഴിൽ കൂലിവേല ചെയ്തിരുന്നവരായിരുന്നു. പ്രദേശത്തെ ഈ സാമ്പത്തിക പിന്നോക്കാവസ്ഥയും വൈജ്ഞാനിക രംഗത്ത് ശോഭിച്ച പ്രാദേശികാംഗങ്ങളുടെ കുറവും കുട്ടികൾ വിദ്യാലയത്തിലെത്തുന്നത് തടസ്സമായി.

## 90 വർഷം പിന്നിടുമ്പോൾ

1927-ൽ 46 കുട്ടികളുമായി ആരംഭിച്ച പുഞ്ചാവി സ്കൂളിൽ ഇന്ന് വളരെയധികം വികസനങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ട് കെട്ടിടങ്ങളിലായി 8 ക്ലാസ്സ് റൂമുകൾ, 2 കമ്പ്യൂട്ടറുകൾ, 5 ലാപ്ടോപ്പുകൾ, ഒരു എൽ.സി.ഡി. പ്രൊജക്ട് സൗകര്യം എന്നിവയുണ്ട്. കമ്പ്യൂട്ടർ ലാബ്, ടൈൽസ് പതിച്ച വൃത്തിയുള്ള ക്ലാസ്സ് റൂമുകൾ, സ്മാർട്ട് ക്ലാസ്സായ ഒന്നാം ക്ലാസ്സ് മുറി, ടോയ്‌ലറ്റുകൾ, ക്ലാസ്സ് ലൈബ്രറി, ഗണിത ലാബ് സൗകര്യങ്ങൾ ഇന്നുണ്ട്. വിദ്യാഭ്യാസ, കലാ-കായിക പ്രവൃത്തി പരിചയമേളകളിൽ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഉന്നതിയിലേക്ക് കുതിക്കുവാൻ ഇതിനകം സാധിച്ചിട്ടുണ്ട്. ഈ വർഷത്തെ അറബിക്ക് കലാമേളയിൽ മുഴുവൻ മാർക്കും നേടി ഒന്നാം സ്ഥാനത്ത് എത്താൻ പുഞ്ചാവി സ്കൂളിന് സാധിച്ചിട്ടുണ്ട്.

## അധ്യാപക രക്ഷാകർത്തൃ വികസന സമിതി

വിദ്യാഭ്യാസ പ്രക്രിയയിലെ ജനകീയ പങ്കാളിത്തത്തിന്റെ പ്രവർത്തന ഫലമായി അനേകം മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ പുരോഗതിക്കായി അക്ഷീണം പ്രയത്നിക്കുന്നവരാണിവർ. ഇവരുടെ പ്രയത്ന ഫലമായി സന്നദ്ധ സംഘടനകളും വ്യക്തികളും സ്കൂൾ പുരോഗതിക്കായി രംഗത്ത് വന്നുകൊണ്ടിരിക്കുന്നത് ആശാവഹമാണ്.

## അധ്യാപകർ

2017-18 വർഷത്തിൽ ഒരു അറബി അധ്യാപിക ഉൾപ്പടെ 6 അധ്യാപകരുടെ സേവനം പുഞ്ചാവി സ്കൂളിന് ലഭിക്കുന്നുണ്ട്.

കുട്ടികൾ

2017-18 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ 29 കുട്ടികളും രണ്ടാം ക്ലാസ്സിൽ 25 കുട്ടികളും മൂന്നാം ക്ലാസ്സിൽ 27 കുട്ടികളും നാലാം ക്ലാസ്സിൽ 31കുട്ടികളും കൂടി ആകെ 112 കുട്ടികൾ അധ്യയനം നടത്തുന്നുണ്ട്.

## ലക്ഷ്യങ്ങൾ

- പഠനപിന്നോക്കാവസ്ഥയുടെ സ്വഭാവം, കാരണം വ്യാപ്തി എന്നിവ കണ്ടെത്തി കാരണങ്ങൾ വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ തേടുന്നു.
- വിദ്യാർത്ഥിയുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും.
- ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ്സ് മുറിയിൽ ലഭ്യമാക്കും.

## വിഷയം : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സംവിധാനം |
|---|---|---|---|---|
| ➲ എല്ലാ കുട്ടികളെയും വായി ക്കാൻ പ്രാപ്തരാക്കുക | **ആകാശവാണി**<br>• പ്രധാനപ്പെട്ട വാർത്തകൾ ഉൾപ്പെടുത്തിയ പത്രവായന. (ഇതിൽ എല്ലാ കുട്ടികളു ടെയും പങ്കാളിത്തം ഉറപ്പു വരുത്തും)<br>• കവിത/കവി പരിചയം<br>• പരിസ്ഥിതി പ്രാധാന്യമുള്ള ദിനത്തെ കുറിച്ച് കുട്ടി നടത്തുന്ന ലഘു വിവരണം.<br>• മഹത്വ്യക്തികളെ കുറിച്ചുള്ള ലഘു വിവരണം. അസംബ്ലിയിൽ നടത്തുന്നു.<br>• സ്കൂൾ ലൈബ്രറി/ക്ലാസ്സ് ലൈബ്രറി പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ അവതരിപ്പിക്കൽ. (ബാലസഭ) | ദൈനംദിനം<br>അസംബ്ലി<br>2 മാസത്തിൽ ഒരു തവണ (25 കുട്ടികൾ)<br>മാസത്തിൽ ഒന്ന് | സൗണ്ട് സിസ്റ്റം<br>പുസ്തകങ്ങൾ<br>പുസ്തകങ്ങൾ | LSGD<br>P T A |
| ➲ എല്ലാ കുട്ടികളെയും ലേഖനത്തിൽ പ്രാപ്തരാക്കുന്നു. | **നല്ലെഴുത്ത്**<br>• അക്ഷരവടിവ് കൃത്യമല്ലാത്ത കുട്ടികളെ പ്രത്യേകം തയ്യാറാക്കിയ മണൽത്തറയിൽ മണലെഴുത്ത് നടത്തുന്നു.<br>• കുട്ടികവിത/കഥ ക്ലാസ്സിലെ മുഴുവൻ കുട്ടികളും | 2 മാസം<br>മാസത്തിൽ ഒന്ന് | മണൽ<br>പുസ്തകങ്ങൾ | SSG<br>പിടിഎ |

| | | | | |
|---|---|---|---|---|
| | നോട്ട്ബുക്കിൽ നന്നായി എഴുതുന്നു. ഓരോ ക്ലാസ്സിൽ നിന്നും ഏറ്റവും നന്നായി എഴുതിയ അഞ്ച് വീതം കുട്ടികൾ എ4 ഷീറ്റ് പേപ്പറിൽ എഴുതി വരുന്നു. ഇത് മുഴുവൻ കുട്ടികൾക്കും കാണത്തക്കവിധം പ്രദർശിപ്പിക്കുന്നു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു.<br>• സ്കൂൾ പത്രം തയ്യാറാക്കൽ. മൂന്ന്, നാല് ക്ലാസ്സിലെ കുട്ടികൾ എഡിറ്റോറിയൽ ബോർഡ്, മുഖ്യ എഡിറ്റർ അധ്യാപകൻ<br>• ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട പതിപ്പ് | മാസത്തിൽ ഒന്ന് | ചാർട്ട് | പിടിഎ |
| **വിഷയം: പരിസരപഠനം** | | | | |
| ➲ എല്ലാ കുട്ടികളിലും നല്ല ആരോഗ്യശീലം വളർത്തൽ | • എല്ലാ ക്ലാസ്സുകളിലും ആരോഗ്യ ക്ലബ്ബ് (ക്ലാസ്സ്തലം 2 ഗ്രൂപ്പ് - ടീച്ചർ മോണിറ്റർ, സ്കൂൾതലം - ആരോഗ്യമന്ത്രി - എച്ച്.എം മോണിറ്റർ)<br>(അനുമോദനം - നല്ല ക്ലാസ്സ്)<br>• പി.എച്ച്.സി - യുടെ സഹായത്തോടെ ബോധവൽക്കരണം, ലഘുരേഖകൾ വീഡിയോസ്.<br>• അഭിമുഖം - ജെ.എച്ച്.ഐ<br>• ഉച്ചഭക്ഷണ പദ്ധതിയിലൂടെ | ദൈനംദിനം<br>വർഷത്തിൽ 2 തവണ<br>ദൈനംദിനം | സ്കൂൾ കെട്ടിടം | SSG<br>പിടിഎ<br>പി.എച്ച്.സി |

| | | | | |
|---|---|---|---|---|
| | പച്ചക്കറികൾ കഴിക്കേണ്ടതിന്റെ ആവശ്യകതയും ഭക്ഷണ ശീലങ്ങളും വളർത്തിയെടുക്കുന്നു. | | | |
| ➲ ക്ലാസ്സ്/പരിസര ശുചിത്വം | • ക്ലാസ്സ് മുറി വൃത്തിയാക്കൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കജശ.<br>• പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെ പ്രകടമാക്കു ന്ന വീഡിയോസ്, ആവാസവ്യവസ്ഥയിൽ പ്ലാസ്റ്റിക്ക് സൃഷ്ടിക്കുന്ന ഭവിഷ്യത്ത് തിരി ച്ചറിയാൻ സഹായിക്കുന്ന ലേഖനങ്ങൾ, ക്ലാസ്സുകൾ, വീഡിയോസ്. | ദൈനംദിനം<br>മാസത്തിൽ ഒരു തവണ | വീഡിയോ | ക്ലബ്ബിന്റെ സഹകരണം |
| ➲ ശാസ്ത്രീയ മനോഭാവം വളർത്തൽ | • 1 മുതൽ 4 വരെയുള്ള പരീക്ഷണ ലിസ്റ്റ് തയ്യാറാക്കൽ, സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>• ശാസ്ത്രീയമായി ലാബിൽ സജ്ജീക രിക്കൽ<br>• ശാസ്ത്രീയമായി ലഘു പരീക്ഷണത്തിൽ ഏർപ്പെടൽ, പരീക്ഷണക്കുറിപ്പ്<br>• കൗതുകകരമായ പരീക്ഷണങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കൽ | ക്ലാസ്സ് അനുബന്ധം<br>(അധ്യയന വർഷം ഉടനീളം)<br>3 മാസത്തിൽ ഒരു തവണ | ഫ്ലാബ് മീറ്റർ സ്കെയിൽ അളവ് തൂക്കം രാസവസ്തുക്കൾ പരീക്ഷണ സാമഗ്രികൾ | ടീച്ചർമാർ |
| **വിഷയം: ഗണിതം** | | | | |
| ➲ ദൈനംദിന ജീവിത | • സംഖ്യാലാബിലുള്ള മുത്തുകൾ | | | |

| | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായി ക്കാവുന്ന ഗണിത ശേഷി കൾ നേടുന്നതിനും കഴിവ് വളർത്തുക | ചെറിയ റബ്ബർ പന്തുകൾ<br>• ഡയസ് കളി<br>• കളിനോട്ട് ഉപയോഗിച്ചുള്ള ക്രയവിക്ര യങ്ങൾ | പഠനപ്രവർത്തനങ്ങൾക്കനുസരിച്ച് | ഗണിതലാബ് | എസ്.എസ്.എ<br>പി.ടി.എ |
| ➲ ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക | • ഗണിത പ്രഹേളികൾ<br>• കണക്കിലെ കളികൾ<br>• ഗണിതപ്പാട്ടുകൾ<br>• ഗണിത കഥകൾ<br>• തുടർപ്രവർത്തനം<br>• ഗണിത പ്രഹേളികൾ അസംബ്ലിയിൽ അവതരിപ്പിക്കാനവസരം<br>• ഗണിത സൗന്ദര്യം പ്രകടിപ്പിക്കുന്ന പാറ്റേണുകൾ/മാന്ത്രിക ചതുരം തയ്യാറാക്കുന്നു മികച്ച ഗണിത ലാബിലേക്ക്. | വിശ്രമവേളകൾ | പുസ്തകങ്ങൾ | എം.പി.ടി.എ |
| ➲ ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക | • ക്ലാസ്സ്/സ്കൂളിലെ വസ്തുക്കളുടെ പേരുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗണിതപ്രശ്നം രൂപീകരിക്കുന്നു. മികച്ചവ ബുള്ളറ്റിൻ ബോർഡിലേക്ക്. കുട്ടികൾ നേരിൽകണ്ട് ഉത്തരം കണ്ടെത്തുന്നു. | | | |

| | | | | |
|---|---|---|---|---|
| ➲ കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും ശേഷി വികസിപ്പിക്കുക. | • ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനും വരയ്ക്കാനുമുള്ള അവസരം.<br>• മികച്ച ജ്യാമിതീയ രൂപങ്ങൾ ഗണിത ലാബിലേക്ക്<br>• ചിത്രപാറ്റേണുകൾ, ടാൻഗ്രാം എന്നിവയുടെ നിർമ്മാണം.<br>• അളവ് തൂക്ക സമ്പ്രദായത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള മെട്രിക് മേളകൾ സംഘടിപ്പിക്കൽ | 3 മാസത്തിൽ ഒന്ന് | ചാർട്ട്<br>എസ്.എസ്.ജി | |
| ➲ ഗണിത പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | • ജിയോജിബ്ര പോലുള്ള സോഫ്റ്റ് വെയറുകൾ പ്രയോജനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ഒരുക്കൽ<br>• സംഖ്യാ പാട്ടുകൾ, വീഡിയോ പ്രദർശനം | | വീഡിയോ | |
| **SUBJECT: ENGLISH** | | | | |
| ➲ To create an affinity towards English language | • Find out the English personal from SSG and contact spoken English class for students | Weekly One | | SSG |
| ➲ To provide chance to listen different programmes | • Presenting Cartoons, Rhymes, Short films, (5minutes duration) using ICT<br>• Cricket Commentary (Radio) | Weekly One | ICT | |
| ➲ To enhance all the students in English reading | • Providing English picture story and reading materials to all students. | Daily | Books | SSG<br>PTA<br>SSA |
| ➲ To develop creativity and promote language | • Class oriented Activity (Skit, Choreography) | Bimonthly | TB, HB | Teachers |

കുറുന്തൂർ Apr 6, 2025 09:22

| | | | | |
|---|---|---|---|---|
| generation | | | | |
| ➲ To improve the writing ability for all students | • Story making (Using pictures, word web)<br>• Product – Magazines Picture Albums etc. | Bimonthly | Books<br>Pictures<br>Dictionary | Teachers |
| | അറബിക് | | | |
| ➲ കരിക്കുലം ലക്ഷ്യം വെക്കുന്ന പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുന്നു. | **വായനാ വസന്തം**<br>• തിരഞ്ഞെടുത്ത ലളിതമായ പുസ്തക ലൈബ്രറി.<br>• വാട്സപ്പ് ഗ്രൂപ്പ് (ഇ.വായന)<br>• വായനാ കുറിപ്പുകൾ അറബിക് ഇ.റീഡിംഗ് കാർഡ് | 6 മാസം | പുസ്തകങ്ങൾ<br>സിഡികൾ<br><br>ലൈബ്രറി ഇ റീഡിംഗ് കാർഡ് | BRC<br>LSG<br>SMC<br>PTA |
| ➲ വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുക. | **എഴുത്തുത്സവം**<br>• എഴുത്തു കൂട്ടം<br>• പതിപ്പുകളുടെ നിർമ്മാണം.<br>• വായനാകാർഡ് നിർമ്മാണം.<br>• ചുമർ പോസ്റ്ററുകൾ<br>• ഭാഷാ കളികൾ<br>• ക്ലാസ്സ് മാസിക നിർമ്മാണം. | 12 മാസം | ചാർട്ടുകൾ<br>പത്രങ്ങൾ<br>ചെറുപുസ്തകങ്ങൾ | PTA<br>BRC<br>DIET |
| ➲ ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പി ക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | **അറബിക് കമ്മ്യൂണിക്കേഷൻ**<br>• ആശയവിനിമയവേദി സ്കൂൾ തലം/ക്ലാസ്സ് തലം<br>• വായന/സംസാരം<br>• അന്തരീക്ഷം<br>• അറബിക് മേള<br>• ഭാഷാ കളികൾ | 24 മാസം | ഐ.ടി.സി<br>പുസ്തകങ്ങൾ<br>സിഡികൾ | BRC<br>LSG<br>SMC<br>PTA |

| | | | | |
|---|---|---|---|---|
| | • ഭാഷാ പ്രദർശനം | | | |
| ➲ സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | **<u>ഭാഷാ ലാബ്</u>**<br>• സ്മാർട്ട് റൂം<br>• ചിത്രീകരണങ്ങൾ<br>• ആനിമേഷൻ<br>• സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്<br>• അറബിക് ഫെസ്റ്റ്<br>• അറബിക് അസംബ്ലി | 36 മാസം | ഐ.ടി.സി യുട്യൂബ് | BRC<br>LSG<br>SMC |
| ➲ കുട്ടികളുടെ അറബി ഭാഷയിലെ മികവുകൾ/കഴിവുകൾ സമൂഹത്തിലേക്ക് എത്തിക്കൽ | • വിദ്യാലയത്തിൽ നടക്കുന്ന മികവുകൾ ലോകത്തിൽ എവിടെയും എത്തിക്കുവാനും വീക്ഷിക്കുവാനും ഉള്ള അവസരം ഇതുവഴി ഉണ്ടാക്കി. | | സോഷ്യൽ മീഡിയ | |

# മലയാളം (ഭാഷ)

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| ആകാശവാണി | ദൈനംദിനം |
| കവിത/കവി പരിചയം | സ്കൂൾ അസംബ്ലി |
| വായനാക്കുറിപ്പ് | 2 മാസത്തിൽ ഒന്ന് |
| നല്ലെഴുത്ത് | ജൂൺ - ജൂലൈ |
| കയ്യെഴുത്ത് മത്സരം | മാസത്തിൽ ഒന്ന് |
| സ്കൂൾ പത്രം | മാസത്തിൽ ഒന്ന് |
| **പരിസര പഠനം** | |
| ആരോഗ്യ ക്ലബ്ബ് | ദൈനംദിനം |
| ബോധവൽക്കരണ ക്ലാസ്സ് | വർഷത്തിൽ 2 തവണ |
| ശുചിത്വം | ദൈനംദിനം |
| പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണം, സംസ്കരണം | മാസത്തിൽ ഒന്ന് |
| ലഘുപരീക്ഷണങ്ങൾ | പാഠ്യപ്രവർത്തനത്തിനനുസരിച്ച് |
| ക്ലാസ്സ് മുറിയിൽ പരീക്ഷണം അവതരിപ്പിക്കൽ | 3 മാസത്തിൽ ഒരു തവണ |

| | |
|---|---|
| **ഗണിതം** | |
| ഗണിത ലാബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | പഠന പ്രവർത്തനങ്ങൾക്കനുസരിച്ച് |
| ഗണിത പ്രഹേളികകൾ | വിശ്രമ വേളകൾ |
| ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം | 3 മാസത്തിൽ ഒന്ന് |
| **അറബിക്ക്** | |
| വായനാ വസന്തം | ജൂൺ - നവംബർ |
| എഴുത്തുത്സവം | വർഷം മുഴുവനും |
| അറബിക്ക് കമ്മ്യൂണിക്കേഷൻ | 2 വർഷം |
| ഭാഷാ ലാബ് | 3 വർഷം |
| നവമാധ്യമങ്ങളിലൂടെയുള്ള പ്രചാരം | പ്രവർത്തനങ്ങൾക്കനുസരിച്ച് |
| മാഗസിൻ | വർഷത്തിൽ ഒന്ന് |
| **ENGLISH** | |
| Spoken English Classes | Daily Evening |
| Cricket Commentary | Weekly |
| Skit, Choreography | Bimonthly |
| Magazines | Monthly |